# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3192

21-08-2017 ൽ മറുപടിയ്ക്ക്

## ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉണ്ണി : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) വേമ്പനാട്ടുകായലിൽ വിനോദ സഞ്ചാരത്തിനായി ഹൗസ് ബോട്ടുകളിൽ എത്തുന്നവരുടെ സുരക്ഷയും മറ്റും സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് വിശദീകരിക്കാമോ ; | (എ) വേമ്പനാട് കായലിൽ വിനോദസഞ്ചാരത്തിനായി എത്തുന്നവരുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഹൗസ് ബോട്ടുകൾ എല്ലാവർഷവും പരിശോധിച്ച് ഫിറ്റ്നസ് നൽകുന്നതിനു പുറമേ മൂന്ന് മാസത്തിലൊരിക്കൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തി സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും, സുരക്ഷാ ഉപകരണങ്ങൾ കൃത്യതയോടെ സൂക്ഷിക്കാത്ത ഹൗസ് ബോട്ടുകൾക്ക് പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) 01-01-2017 ലെ കണക്ക് പ്രകാരം വേമ്പനാട്ടുകായലിൽ എത്ര ഹൗസ് ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) 01/01/2017-ലെ കണക്കുപ്രകാരം 756 ഹൗസ് ബോട്ടുകൾ രജിസ്റ്റർ ചെയ്ത് സർവ്വീസ് നടത്തിവരുന്നുണ്ട്. |
| (സി) രജിസ്ട്രേഷൻ ഇല്ലാതെ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) വേമ്പനാട്ടുകായലിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ മുഴുവനും രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) ആലപ്പുഴ, എറണാകുളം, കോട്ടയം ജില്ലകളിൽ പോലീസ് സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ Enforcement Wing രൂപീകരിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ആഭ്യന്തര വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ